1. ഇന്ത്യ വികസിപ്പിച്ച പുനരുപയോഗിക്കാവുന്ന ബഹിരാകാശ വിക്ഷേപണ വാഹനത്തിന്റെ (ആർ എൽ വി) പേരെന്ത് ?

   A) ദിവ്യാസ്ത്ര B) ഭാരതശക്തി C) ശിവശക്തി D) പുഷ്പക്

2. സ്വതന്ത്ര്യമായി ടാർഗെറ്റു ചെയ്യാവുന്ന ഒന്നിലധികം റീ-എൻട്രി വെഹിക്കിളുകൾ ഘടിപ്പിച്ച ഇന്ത്യയുടെ ബാലിസ്റ്റിക് മിസൈൽ ഏത് ?

   A) അഗ്നി 5 B) പൃഥ്വി 3 C) ധനുഷ് D) അഗ്നി 4

3. ദക്ഷിണാഫ്രിക്കയിൽ നിന്നും തിരിച്ചെത്തിയ ഗാന്ധിജി 1916-ൽ ഇന്ത്യയിൽ ആദ്യമായി പങ്കെടുത്ത പൊതു പരിപാടി ഒരു സർവ്വകലാശാലയുടെ ഉദ്ഘാടന പരിപാടിയാണ്. ഏതാണ് ആ സർവ്വകലാശാല ?

   A) കൽക്കട്ട സർവ്വകലാശാല B) അലിഗഡ് മുസ്ലീം സർവ്വകലാശാല
   C) ഡൽഹി സർവ്വകലാശാല D) ബനാറസ് ഹിന്ദു സർവ്വകലാശാല

4. 1946-ലെ പുന്നപ്ര-വയലാർ സമരം തിരുവിതാംകൂറിലെ ഏത് ദിവാന്റെ ഭരണപരിഷ്കാരങ്ങൾക്കെതിരെ നടന്ന സമരമാണ് ?

   A) ദിവാൻ ഷൺമുഖചെട്ടി
   B) ദിവാൻ സർ സി. പി. രാമസ്വാമി അയ്യർ
   C) ദിവാൻ വി. പി. മാധവറാവു
   D) ദിവാൻ പി. ജി. എൻ. ഉണ്ണിത്താൻ

5. 1929-ലെ ലാഹോർ സമ്മേളനത്തിന്റെ പ്രഖ്യാപനങ്ങളിൽ ഉൾപ്പെടാത്തത് താഴെ പറയുന്നവയിൽ ഏതാണ് ?

   A) ജവഹർലാൽ നെഹ്റുവിനെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റായി തിരഞ്ഞെടുത്തു
   B) പൂർണ്ണസ്വരാജ് പ്രഖ്യാപനം
   C) സിവിൽ നിയമ ലംഘന സമരം പിൻവലിക്കാൻ തീരുമാനിച്ചു
   D) 1930 ജനുവരി 26-ന് സ്വാതന്ത്ര്യദിനമായി ആചരിക്കുവാൻ തീരുമാനിച്ചു

6. കോഴിക്കോട് ആരുടെ നേതൃത്വത്തിലാണ് ഉപ്പുനിയമം ലംഘിച്ചത് ?

   A) മുഹമ്മദ് അബ്ദു റഹ്മാൻ B) മൊയാരത്ത് ശങ്കരൻ
   C) മുഹമ്മദ് മൗലവി D) കെ. പി. കേശവമേനോൻ

7. സഞ്ചാരസ്വാതന്ത്ര്യത്തിനായി കേരളത്തിൽ ടി. കെ. മാധവന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭം ഏത് ?

   A) ഗുരുവായൂർ സത്യാഗ്രഹം B) കല്ലുമാല സമരം
   C) വൈക്കം സത്യാഗ്രഹം D) ചാന്നാർ കലാപം

8. സാമൂഹ്യപരിഷ്കർത്താവായ വാഗ്ഭടാനന്ദൻ രൂപം നൽകിയ പരിഷ്കരണ പ്രസ്ഥാനം ഏത് ?
A) സമത്വസമാജം
B) ആത്മവിദ്യാസംഘം
C) സാധുജന പരിപാലന സംഘം
D) പ്രത്യക്ഷ രക്ഷാദൈവസഭ

9. മെസപ്പൊട്ടോമിയൻ ജനതയുടെ നിർമ്മാണ വൈഭവത്തിന് തെളിവായ ആരാധനാലയങ്ങൾ അറിയപ്പെടുന്ന പേരെന്ത് ?
A) ക്യൂണിഫോം
B) സ്ഫിംഗ്സ്
C) സിഗുറാത്തുകൾ
D) കാൽഡിയൻ

10. ''ഫോർവേഡ് ബ്ലോക്ക്'' എന്ന രാഷ്ട്രീയ പാർട്ടിക്ക് രൂപം നൽകിയ വ്യക്തി ആര് ?
A) സുഭാഷ് ചന്ദ്ര ബോസ്
B) റാഷ് ബിഹാരി ബോസ്
C) ജയപ്രകാശ് നാരായണൻ
D) ജവഹർലാൽ നെഹ്റു

11. ഹാരപ്പൻ സംസ്കാരത്തിൽ കൃഷിയുമായി ബന്ധപ്പെട്ട് രാജസ്ഥാനിലെ കാലിബംഗനിൽ നിന്നും താഴെ പറയുന്നവയിൽ ഏതിന്റെ തെളിവുകളാണ് ലഭിച്ചിട്ടുള്ളത് ?
A) നെല്ല്
B) ഉഴുത വയൽ
C) കനാൽ
D) ജല സംഭരണി

12. വനത്തിൽ നടത്തുന്ന വെട്ടിച്ചുട്ടു കൃഷിക്ക് ബ്രിട്ടീഷുകാർ അനുമതി നിഷേധിച്ചതു മൂലം കേരളത്തിൽ ഗോത്രജനത ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ കലാപം ഏത് ?
A) സന്താൾ കലാപം
B) മാപ്പിള കലാപം
C) ചാന്നാർ കലാപം
D) കുറിച്യർ കലാപം

13. ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിലുണ്ടായ തീപിടുത്തത്തിൽ കൊച്ചി കോർപറേഷന് 100 കോടി രൂപ പിഴ ചുമത്തിയ നീതിപീഠം ഏത് ?
A) കേരള ഹൈക്കോടതി
B) സുപ്രീം കോടതി
C) ദേശീയ ഹരിത ട്രിബ്യൂണൽ
D) ജില്ലാ കോടതി

14. റിസർവ് ബാങ്കിനെ കുറിച്ചുള്ള പ്രസ്താവനകളിൽ ശരിയായവ ഏതെല്ലാം ?
1) വായ്പ നിയന്ത്രിക്കൽ
2) സർക്കാരിന്റെ ബാങ്ക്
3) ഒരു രൂപ നോട്ട് അച്ചടിക്കൽ
A) Only (2 & 3)
B) Only (1 & 2)
C) Only (1 & 3)
D) മുകളിലുള്ളവയെല്ലാം

15. സാമൂഹ്യസംഘമായ കുടുംബത്തിന്റെ സവിശേഷതകളിൽ ശരിയല്ലാത്തത് ഏത് ?
A) ഉയർന്ന സംഘബോധം
B) ചെറിയ സംഘം
C) ഔപചാരിക ബന്ധം
D) നിരന്തരമായ ആശയവിനിമയം

16. 2023-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട ഉത്കല ആഭ്യന്തര വിമാനത്താവളം ഏത് സംസ്ഥാനത്താണ് ?

A) ഒഡീഷ
B) മധ്യപ്രദേശ്
C) തെലങ്കാന
D) പശ്ചിമബംഗാൾ

17. രാഷ്ട്രപതിയുടെ ചുമതലകളിൽ ഉൾപ്പെടാത്ത പ്രസ്താവന ഏത് ?

A) അടിയന്തിരാവസ്ഥ പ്രഖ്യാപിക്കൽ
B) സർവ്വസൈന്യാധിപൻ
C) ദയാഹർജിയിൽ തീർപ്പ് കൽപ്പിക്കൽ
D) രാജ്യസഭാ സമ്മേളനത്തിൽ അധ്യക്ഷത വഹിക്കൽ

18. താഴെ പറയുന്നവയിൽ ഏതാണ് ഇന്ത്യയുടെ കിഴക്കൻ തീരസമതലത്തിന്റെ ഭാഗമല്ലാത്തത് ?

A) കൊങ്കൺ സമതലം
B) വടക്കൻ സിർക്കസ്
C) കോറമണ്ഡൽ തീരസമതലം
D) സുന്ദരവന പ്രദേശം

19. താഴെ പറയുന്നവയിൽ ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ മൂന്നാമത്തെ നദി ഏത് ?

A) ഗംഗ
B) കൃഷ്ണ
C) ഗോദാവരി
D) മഹാനദി

20. റിഫ്രാക്റ്റീവ് ഇൻഡക്സിന്റെ SI യൂണിറ്റ്

A) മീറ്റർ
B) ഡിഗ്രി
C) ഡയോപ്റ്റർ
D) യൂണിറ്റ് ഇല്ല

21. പരമാവധി വേഗത്തിൽ ശബ്ദം സഞ്ചരിക്കുന്നത് ഏത് മാധ്യമത്തിലൂടെയാണ് ?

A) ഖരം
B) ദ്രാവകം
C) വാതകം
D) പ്ലാസ്മ

22. രണ്ടു വസ്തുക്കൾ തമ്മിലുള്ള ഗുരുത്വാകർഷണബലം F ആണ്. രണ്ട് പിണ്ഡങ്ങളും പകുതിയായി കുറയുമ്പോൾ അവ തമ്മിലുള്ള ഗുരുത്വാകർഷണബലം എത്രയാകും ?

A) $\frac{F}{2}$
B) 2F
C) 4F
D) $\frac{F}{4}$

23. വൈദ്യുതി ബില്ലിങ്ങിൽ ഉപയോഗിക്കുന്ന ഒരു യൂണിറ്റ് എത്ര kWh ആണ് ?

A) 10
B) 1
C) 100
D) 1000

24. ഒരു ഒറ്റപ്പെട്ട സിസ്റ്റത്തിന്റെ ആകെ ഊർജ്ജം

A) സ്ഥിരമായി നിലകൊള്ളും
B) കൂടിക്കൊണ്ടിരിക്കും
C) കുറഞ്ഞുകൊണ്ടിരിക്കും
D) കൂടുകയോ കുറയുകയോ ചെയ്യാം

25. ഒരു കാർ 5 സെക്കൻഡിനുള്ളിൽ അതിന്റെ പ്രവേഗം 18 Km/h-ൽ നിന്ന് 36 Km/h ആക്കുന്നു. അങ്ങനെയെങ്കിൽ $m/s^2$-ൽ അതിന്റെ ത്വരണം എത്ര ?

A) 0.5
B) 3
C) 1
D) 4

26. ഒഴുകുന്ന ദ്രാവകത്തിലെ ഘർഷണമാണ്

A) സാന്ദ്രത B) കേശികത്വം C) വിസ്കോസിറ്റി D) പ്രതലബലം

27. തന്നിരിക്കുന്ന കാന്തത്തിന് താഴെ പറയുന്നവയിൽ ഏതാണ് ശരി ?

A) ഉത്തരധ്രുവം ദക്ഷിണധ്രുവത്തേക്കാൾ ശക്തമാണ്

B) രണ്ടു ധ്രുവങ്ങൾക്കും തുല്യ ശക്തിയാണ്

C) ദക്ഷിണധ്രുവം ഉത്തരധ്രുവത്തേക്കാൾ ശക്തമാണ്

D) കൃത്യമായി പറയാൻ കഴിയില്ല

28. പ്രകാശവർഷം എന്ന യൂണിറ്റ് ഉപയോഗിച്ച് അളക്കുന്നതെന്ത് ?

A) സമയം B) പ്രകാശസാന്ദ്രത

C) വൈദ്യുത പ്രവാഹം D) ദൂരം

29. താഴെ പറയുന്നവയിൽ ഏത് ഘടകമാണ് ഒരു രാസപ്രവർത്തനത്തിന്റെ വേഗതയെ ബാധിക്കാത്തത് ?

A) അഭികാരകത്തിന്റെ ഗാഢത B) താപനില

C) പ്രകാശത്തിന്റെ സാന്നിധ്യം D) അഭികാരകത്തിന്റെ നിറം

30. വൈദ്യചികിത്സയിൽ ഇൻട്രാവീനസ് കുത്തിവയ്പിനായി ഉപയോഗിക്കുന്നത് എത്ര ഗാഢതയുള്ള ഉപ്പു ലായനിയാണ് ?

A) 1.1% B) 1% C) 0.9% D) 0.8%

31. ദഹനത്തെ സഹായിക്കുന്ന, ആമാശയത്തിൽ കാണപ്പെടുന്ന ആസിഡ് ഏത് ?

A) സൾഫ്യൂരിക് ആസിഡ് B) ഹൈഡ്രോക്ലോറിക് ആസിഡ്

C) ഫോസ്ഫോറിക് ആസിഡ് D) അസറ്റിക് ആസിഡ്

32. ഹോമോലോഗസ് സീരീസിലെ തുടർച്ചയായ അംഗങ്ങൾ _______ ഗ്രൂപ്പിനാൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

A) $-CH_2$ B) $-CH_3$ C) $-CHO$ D) $-COOH$

33. മാലക്കൈറ്റിൽ നിന്ന് വേർതിരിച്ചെടുക്കാൻ കഴിയുന്ന ലോഹം ഏത് ?

A) Cu B) Fe C) Zn D) Mg

34. മിനറൽ ആസിഡിൽ നിന്ന് ഹൈഡ്രജൻ വാതകത്തെ സ്വതന്ത്രമാക്കാൻ സാധിക്കാത്ത ലോഹം ഏത് ?

A) Zn B) Al C) Cr D) Cu

35. അന്തരീക്ഷമർദ്ദം 1 ബാർ ആണെങ്കിൽ ഏത് താപനിലയിലാണ് വെള്ളം തിളയ്ക്കുന്നത് ?

A) 100°C B) 99.6°C C) 99.8°C D) 100.5°C

36. താഴെ പറയുന്നതിൽ ഏതാണ് സങ്കരലോഹം അല്ലാത്തത് ?
A) Fe B) Cu C) Al D) Ni

37. $^{14}_{6}C$ ന്യൂക്ലിയസിൽ എത്ര ന്യൂട്രോണുകളും പ്രോട്ടോണുകളും അടങ്ങിയിട്ടുണ്ട് ?
A) 8, 6 B) 6, 8 C) 6, 14 D) 14, 6

38. ഇവയിൽ ഏതാണ് ഏറ്റവും പുതിയ കോവിഡ് വാക്സിൻ ?
A) കോവിഷീൽഡ് B) നോവ വാക്സ്
C) കോവാക്സിൻ D) സ്പുട്നിക്-വി

39. പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട് ജൂലൈ 26-ന്റെ പ്രാധാന്യമെന്ത് ?
A) വനദിനമായി ആചരിക്കുന്നു B) ജലദിനമായി ആചരിക്കുന്നു
C) കണ്ടൽദിനമായി ആചരിക്കുന്നു D) പരിസ്ഥിതി ദിനമായി ആചരിക്കുന്നു

40. പേശികളെ അസ്ഥിയുമായി ബന്ധിപ്പിക്കുന്ന യോജക കല
A) നാരുകല B) സ്നായുക്കൾ C) തരുണാസ്ഥി D) ടെൻഡൻ

41. താഴെ തന്നിരിക്കുന്നവയിൽ ആസ്കോമൈസീറ്റുകൾ എന്ന ഫംഗൈ വിഭാഗത്തിൽ ഉൾപ്പെട്ടത്
A) റൈസോപസ് B) ആൽബ്യൂഗോ C) പെനിസീലിയം D) മ്യൂക്കർ

42. ഹരിതകണത്തിൽ സൂര്യപ്രകാശത്തെ ആഗിരണം ചെയ്യാൻ കഴിവുള്ള വർണകങ്ങൾ കാണപ്പെടുന്ന ഭാഗം
A) ആസ്യരന്ധ്രങ്ങൾ B) ഗ്രാന C) സ്ട്രോമ D) ക്രോമസോം

43. ചെറുകുടലിലെ വില്ലസ്സുകളിൽ കാണപ്പെടുന്ന ലിംഫ്‌ലോമികകളെ ഏത് പേരിൽ അറിയപ്പെടുന്നു ?
A) രക്തലോമികകൾ B) ലാക്ടിയലുകൾ
C) മൈക്രോവില്ലസ്സുകൾ D) ഇവയൊന്നുമല്ല

44. ന്യൂക്ലിയോറ്റൈഡുകളുടെ ക്രമീകരണം പരിശോധിക്കുന്ന സാങ്കേതിക വിദ്യ
A) ജീൻമാപ്പിങ്ങ് B) എക്സ്റേ ഡിഫ്രാക്ഷൻ
C) DNA പ്രൊഫൈലിങ്ങ് D) ജീൻ തെറാപ്പി

45. മനുഷ്യന്റെ ആദ്യപാലിൽ (കൊളസ്ട്രം) ഏറ്റവും കൂടുതലായി അടങ്ങിയിരിക്കുന്ന ഇമ്മ്യൂണോഗ്ലോബുലിൻ ഏതാണ് ?
A) Ig A B) Ig G C) Ig M D) Ig E

46. ഒരു ക്ലോക്കിലെ സമയം 8.30 ആണ്. അപ്പോൾ മണിക്കൂർ സൂചിക്കും മിനിട്ട് സൂചിക്കും ഇടയിലുള്ള കോണളവ് എത്ര ഡിഗ്രിയായിരിക്കും ?
A) 65° B) 55° C) 45° D) 75°

47. ഒരു സംഖ്യ മറ്റൊരു സംഖ്യയുടെ 3 മടങ്ങിനേക്കാൾ 2 കൂടുതലാണ്. ചെറിയ സംഖ്യയുടെ 4 മടങ്ങാണ് വലിയ സംഖ്യ. എങ്കിൽ ചെറിയ സംഖ്യ ഏത് ?

A) 2 B) 4 C) 6 D) 8

48. രണ്ട് സംഖ്യകളുടെ ശരാശരി 11.5 ഉം അവയുടെ വ്യത്യാസം 11.5 ഉം ആണെങ്കിൽ വലിയ സംഖ്യ ÷ ചെറിയ സംഖ്യ എത്ര ?

A) 2 B) 3 C) 4 D) 5

49. താഴെ കൊടുത്തിരിക്കുന്നവയിൽ ഏറ്റവും വലിയ സംഖ്യ ഏതാണ് ?

A) $0.01 \times 0.001$ B) $0.101 \times 0.01$

C) $0.101 \times 0.001$ D) $0.10 \times 0.001$

50. $1 + 2 + 3 + ... + 50 = 1275$. എങ്കിൽ $3 + 6 + 9 + ... + 150 =$

A) 3825 B) 3725 C) 3925 D) 3875

51. 2½ മീറ്റർ നീളവും 1 മീറ്റർ വീതിയും ഉള്ള ഒരു ടാങ്കിൽ 10000 ലിറ്റർ വെള്ളം കൊള്ളുമെങ്കിൽ അതിന്റെ ഉയരം എത്രയായിരിക്കണം ?

A) 400 B) 2500 C) 4000 D) 250

52. $\frac{(10.1)^3 + (2.9)^3}{10.1 \times 10.1 + 2.9 \times 2.9 - 29.29}$ നെ ലഘൂകരിച്ചാൽ കിട്ടുന്നത്

A) 7.2 B) 8 C) 20.9 D) 13

53. സീനയും മീനയും 2:3 എന്ന അംശബന്ധത്തിൽ ഒരു തുക ഭാഗിച്ചപ്പോൾ കിട്ടിയതിനേക്കാൾ 804 രൂപ കൂടുതൽ അതേ തുക 4:1 എന്ന അംശബന്ധത്തിൽ ഭാഗിച്ചപ്പോൾ സീനക്ക് കിട്ടി. എങ്കിൽ അവർ ഭാഗിച്ച തുകയെത്ര ?

A) 2010 B) 2014 C) 2020 D) 2024

54. 2000 രൂപയ്ക്ക് ഒരു മാസത്തേക്കുള്ള സാധാരണ പലിശ 15 രൂപയെങ്കിൽ പലിശ നിരക്ക് എത്ര ?

A) 6% B) 8% C) 9% D) 5%

55. താഴെ കൊടുത്തിരിക്കുന്നവയിൽ പൂർണ്ണ വർഗ്ഗം ഏത് ?

A) 2.5 B) 0.25 C) 0.025 D) 0.00025

56. സംഖ്യാരേഖയിലെ $\frac{3}{5}$ നും $\frac{4}{5}$ നും ഇടയിൽ വരാത്ത ഭിന്നകം ഏത് ?

A) $\frac{2}{3}$ B) $\frac{5}{8}$ C) $\frac{3}{7}$ D) $\frac{5}{7}$

57. രണ്ട് സംഖ്യകളുടെ ഉ.സാ.ഘ. (HCF) 16, അവയുടെ ല. സാ. ഗു. (LCM) 192. ഒരു സംഖ്യ 64 ആയാൽ രണ്ടാമത്തെ സംഖ്യയേത് ?

A) 48
B) 24
C) 32
D) ഇവയൊന്നുമല്ല

58. $2^3 \times 5^4$ ന്റെ വിലയെത്ര ?

A) 4000
B) 5000
C) 2000
D) 3000

59. $\frac{4}{20} + \frac{8}{200} + \frac{32}{2000}$ ന് തുല്യമായ ദശാംശ സംഖ്യയേത് ?

A) 0.326
B) 0.496
C) 0.256
D) 0.842

60. ഒരു ജോലി ചെയ്തുതീർക്കാൻ ബാലു തനിച്ച് ചെയ്താൽ 10 ദിവസവും രാമു തനിച്ച് ചെയ്താൽ 15 ദിവസവും വേണം. രാമുവും ബാലുവും ജോലി ചെയ്താൽ എത്ര ദിവസം കൊണ്ട് ആ ജോലി തീർക്കാം ?

A) 8
B) 12
C) 9
D) 6

61. പ്രൈമറി ക്ലാസിലെ കുട്ടികൾക്ക് അനുയോജ്യമായതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ഐ. സി. ടി. പഠനം സാധ്യമാക്കുന്നതോടൊപ്പം അവരുടെ ഒട്ടനവധി ശാരീരിക പരിമിതികൾ മറികടക്കാൻ ഉതകുന്ന പ്രവർത്തനങ്ങളും കളികളും അടങ്ങിയതും ആയ വിദ്യാഭ്യാസ സോഫ്റ്റ്‌വെയർ ഏത് ?

A) ടക്സ് പെയിന്റ് (Tux Paint)
B) ഫെറ്റ് (PhEt)
C) ജി കോമ്പ്രിസ് (G Compris)
D) ജിയോജിബ്ര (Geogebra)

62. ഒരു വ്യക്തിക്ക് താൻ എങ്ങനെ അറിവു നേടുന്നു എന്നതിനെ കുറിച്ചും ആ പ്രക്രിയയെ എങ്ങനെ നിയന്ത്രിക്കാം എന്നതിനെക്കുറിച്ചും ഉള്ള ധാരണയായതിനാൽ, അതീതചിന്ത (Meta Cognition) എന്നത് ഒരു ഉയർന്ന ചിന്താശേഷിയാണ്. താഴെ പറയുന്നവയിൽ നിന്ന് അതീതചിന്തയുടെ ശരിയായ പ്രക്രിയാതലങ്ങൾ കണ്ടെത്തുക.

A) ധാരണ – ആസൂത്രണം – വിലയിരുത്തൽ
B) പ്രശ്നം മനസ്സിലാക്കൽ – വിവരശേഖരണം – നിഗമനം
C) ആസൂത്രണം – ധാരണ – നിഗമനം
D) ആസൂത്രണം – വിവരശേഖരണം – ധാരണ രൂപപ്പെടുത്തൽ

63. ഭിന്നശേഷിക്കാരായവരുടെ അവകാശ സംരക്ഷണത്തിനായി 2016-ൽ നിലവിൽ വന്ന ആക്ട് ഏത് ?

A) ആർ. ടി. ഇ. ആക്ട്
B) ആർ. ടി. ഐ. ആക്ട്
C) ആർ. പി. ഡബ്ല്യൂ. ഡി. ആക്ട്
D) പോക്സോ ആക്ട്

64. കേരളപാഠ്യപദ്ധതി ചട്ടക്കൂട് – 2007- ൽ അടിത്തറയായി സ്വീകരിച്ചിട്ടുള്ള പ്രായോഗിക രീതി ശാസ്ത്രങ്ങളിൽ പെടാത്തത് ഏത് ?

A) അറിവു നിർമ്മാണ പ്രക്രിയ

B) പാഠപുസ്തക കേന്ദ്രീകൃത പഠനം

C) പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ പഠനതന്ത്രങ്ങൾ

D) നിരന്തരവും സമഗ്രവുമായ മൂല്യനിർണയ രീതി

65. സ്വതന്ത്ര ഇന്ത്യയിൽ ശിശുവിദ്യാഭ്യാസം മുതൽ ബിരുദാനന്തര ഗവേഷണം വരെയുള്ള വിദ്യാഭ്യാസത്തെ സമഗ്രമായി സമീപിച്ച് പ്രശ്നപരിഹാര നിർദ്ദേശങ്ങൾ സമർപ്പിച്ച വിദ്യാഭ്യാസ കമ്മീഷൻ ഏതായിരുന്നു ?

A) ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ

B) കോത്താരി കമ്മീഷൻ

C) ഹണ്ടർ കമ്മീഷൻ

D) ഡോ. സക്കീർ ഹുസൈൻ കമ്മിറ്റി

66. ജീവിതത്തിൽ സന്ദർഭോചിതമായ തീരുമാനമെടുക്കാൻ മറ്റെന്തിനേക്കാളും പ്രധാന പ്പെട്ടതാണ് വ്യക്തിപരബുദ്ധി (Personal Intelligence) എന്ന് ഗാർഡ്നർ സൂചി പ്പിക്കുന്നുണ്ട്. താഴെ പറയുന്നവയിൽ വ്യക്തിപര ബുദ്ധിയായി കണക്കാക്കുന്നവ ഏവ ?

1) ഭാഷാപരമായ ബുദ്ധി (Linguistic-Verbal Intelligence)

2) വ്യക്ത്യാന്തര ബുദ്ധി (Inter Personal Intelligence)

3) ആന്തരിക വൈയക്തിക ബുദ്ധി (Intra Personal Intelligence)

4) പ്രകൃതിപരമായ ബുദ്ധി (Naturalistic Intelligence)

A) 1, 4

B) 2, 4

C) 2, 3

D) 3, 4

67. താഴെ പറയുന്നവയിൽ പര്യാവരണത്തിന്റെ സ്വാധീനം നിർണായകമല്ലാത്ത ഘടകം ഏത് ?

A) ബുദ്ധി

B) അഭിക്ഷമത

C) മനോഭാവങ്ങൾ

D) ശരീരത്തിന്റെ ഉയരം

68. പ്രശ്നങ്ങളെ നിലവിലുള്ള സ്കീമകൾ ഉപയോഗിച്ച് പരിഹരിക്കുന്നത് ________ എന്നറി യപ്പെടുന്നു.

A) സ്വാംശീകരണം

B) സംസ്ഥാപനം

C) അനുരൂപീകരണം

D) ഇതൊന്നുമല്ല

69. സമീപസ്ഥമായവയെ ഒരു കൂട്ടമായി കാണാനുള്ള പ്രവണത പഠനത്തിലെ സമഗ്രതാ നിയമങ്ങളിൽ ഏതിൽ പെടുന്നു ?

A) സാമ്യതാ നിയമം (Law of Similarity)

B) സാമീപ്യ നിയമം (Law of Proximity)

C) സംപൂർണ നിയമം (Law of Closure)

D) തുടർച്ചാനിയമം (Law of Continuity)

70. ചേരുംപടി ചേർക്കുക.

| | |
|---|---|
| 1) Z.P.D. | a) ആൽബർട്ട് ബന്ദുരെ |
| 2) ബ്രിഡ്ജസ് ചാർട്ട് | b) സ്റ്റീഫൻ എം. കോറി |
| 3) ക്രിയാഗവേഷണം | c) വൈഗോട്സ്കി |
| 4) അഡോളസന്റ് അഗ്രഷൻ | d) കാതറിൻ ബ്രിഡ്ജസ് |

A) 1 – c, 2 – d, 3 – a, 4 – b
B) 1 – b, 2 – d, 3 – a, 4 – c
C) 1 – c, 2 – b, 3 – d, 4 – a
D) 1 – c, 2 – d, 3 – b, 4 – a

71. താഴെ തന്നിരിക്കുന്ന സമായോജന തന്ത്രങ്ങളും ഉദാഹരണങ്ങളും ചേരുംപടി ചേർക്കുക.

| സമായോജന തന്ത്രം | ഉദാഹരണം |
|---|---|
| 1) യുക്തീകരണം (Rationalisation) | a) പഠനത്തിൽ വേണ്ടത്ര ശോഭിക്കാൻ കഴിയാത്ത വ്യക്തി താൻ പഠിച്ച സ്ഥാപനത്തിന്റെ പേരും പ്രശസ്തിയും പറഞ്ഞ് അതിൽ അഭിമാനം കൊള്ളുന്നു. |
| 2) താദാത്മീകരണം (Identification) | b) സഹോദരനോ സഹോദരിയോ ജനിക്കുമ്പോൾ, മൂത്തകുട്ടി കൂടുതൽ ശ്രദ്ധ ലഭിക്കാൻ വേണ്ടി കൊച്ചു കുഞ്ഞിനെപ്പോലെ പെരുമാറുന്നു. |
| 3) അനുപൂരണം (Compensation) | c) പരീക്ഷയിൽ പരാജയപ്പെട്ട കുട്ടി പരാജയത്തിന്റെ കാരണം പ്രയാസമേറിയ ചോദ്യപേപ്പർ എന്ന് ആരോപിക്കുന്നു. |
| 4) പശ്ചാത്ഗമനം (Regression) | d) പഠനത്തിൽ മികവ് പുലർത്താൻ കഴിയാത്ത കുട്ടി സ്പോർട്സിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ ശ്രമിക്കുന്നു. |

A) 1 – c, 2 – d, 3 – a, 4 – b
B) 1 – c, 2 – a, 3 – b, 4 – d
C) 1 – c, 2 – a, 3 – d, 4 – b
D) 1 – d, 2 – a, 3 – b, 4 – c

72. ഒരു കുട്ടിയെ അധ്യാപകൻ നിരന്തരം ശകാരിക്കുമ്പോൾ കുട്ടിക്ക് അധ്യാപകനോടുണ്ടാകുന്ന ഭയം അധ്യാപകൻ പഠിപ്പിക്കുന്ന വിഷയത്തിലേക്ക് വ്യാപിക്കുന്നു. തുടർന്ന് കുട്ടി സ്കൂളിനേയും ക്ലാസ്മുറിയേയും മറ്റ് അധ്യാപകരേയും ഭയക്കാൻ തുടങ്ങുന്നു. അനുബന്ധന സിദ്ധാന്തം (Classical Conditioning) അനുസരിച്ച് ഇവിടെ സംഭവിക്കുന്നതെന്ത് ?

A) ചോദക വിവേചനം (Stimulus Discrimination)
B) അനുബന്ധനം ചെയ്യാത്ത പ്രതികരണം (Unconditioned Response)
C) വിളംബിത അനുബന്ധിത പ്രതികരണം (Delayed Conditioned Response)
D) ചോദകസാമാന്യവത്കരണം (Stimulus Generalisation)

73. ചേരുംപടി ചേർക്കുക.

1) പ്രശ്ന പേടകത്തിലെ പൂച്ച — a) നിരീക്ഷണ പഠന സിദ്ധാന്തം (Theory of Observational Learning)

2) ബോബോ പാവ പരീക്ഷണം — b) ഗസ്റ്റാൾട്ട് സിദ്ധാന്തം (Gestalt Theory)

3) സുൽത്താൻ എന്ന പേരുള്ള ചിമ്പാൻസി — c) ശ്രമപരാജയ പഠനരീതി (Trial and Error Theory of Learning)

4) ഹെയിൻസ് ഡിലെമ്മ (Heinz Dilemma) — d) സന്മാർഗ്ഗിക വികാസം (Moral Development)

A) 1 – a, 2 – c, 3 – b, 4 – d
B) 1 – b, 2 – c, 3 – d, 4 – a
C) 1 – c, 2 – a, 3 – d, 4 – b
D) 1 – c, 2 – a, 3 – b, 4 – d

74. പഠനവും അത് സാധ്യമാക്കുന്ന സാമൂഹ്യസാഹചര്യവും തമ്മിൽ വേർതിരിക്കാനാവില്ല എന്ന ആശയം അടിത്തറയാക്കി ജീൻ ലേവ് (Jean Lave), എറ്റീൻ വെംഗർ (Etienne Wenger) തുടങ്ങിയവർ 1990-കളുടെ തുടക്കത്തിൽ ആവിഷ്കരിച്ച പഠന സങ്കല്പം ഏത് ?

A) അനുഭവാധിഷ്ഠിത പഠനം (Experiential Learning)
B) സിറ്റ്വേറ്റഡ് ലേണിംഗ് (Situated Learning)
C) സഹവർത്തിത പഠനം (Collaborative Learning)
D) പ്രശ്നാധിഷ്ഠിത പഠനം (Problem-based Learning)

75. കുട്ടികൾക്ക് വായനാപരിശീലനം നൽകുന്നതിനുവേണ്ടി വൈഗോട്സ്കിയുടെ ആശയങ്ങളുടെ പിൻബലത്തോടെ രൂപികരിച്ച രീതി ഏത് ?

A) ക്രിയാഗവേഷണം (Action Research)
B) പ്രതിക്രിയാധ്യാപനം (Reciprocal Teaching)
C) ലേണർ ഓട്ടോണമി (Leaner Autonomy)
D) കൊഗ്നിറ്റീവ് നെഗോഷ്യബിലിറ്റി (Cognitive Negotiability)

76. താഴെ പറയുന്നവയിൽ വികാസത്തെ സംബന്ധിച്ച് ശരിയല്ലാത്ത പ്രസ്താവന ഏത് ?

A) വികാസം അനുസ്യൂതമാണ്
B) ശാരീരിക വികാസത്തിൽ ശരീര മധ്യത്തിൽ നിന്ന് വശങ്ങളിലേക്ക് എന്ന ക്രമം പാലിക്കപ്പെടുന്നു
C) വികാസം പരിപക്വനത്തെയും പഠനത്തെയും ആശ്രയിച്ചിരിക്കുന്നു
D) വികാസത്തിന്റെ ഗതിയിൽ വ്യക്തി വ്യത്യാസം ഉണ്ടായിരിക്കുന്നതല്ല

77. സ്വയം കേന്ദ്രീകൃത അവസ്ഥ (Egocentrism) എന്നത് പിയാഷെ മുന്നോട്ടുവച്ച ഏത് വൈജ്ഞാനിക വികാസഘട്ടത്തിന്റെ പ്രത്യേകതയാണ് ?

A) പ്രാഗ്മനോവ്യാപാര ഘട്ടം (Pre-Operational Stage)
B) മൂർത്ത മനോവ്യാപാര ഘട്ടം (Concrete Operational Stage)
C) ഔപചാരിക മനോവ്യാപാര ഘട്ടം (Formal Operational Stage)
D) ഇന്ദ്രിയ ചാലക ഘട്ടം (Sensory Motor Stage)

78. താഴെ പറയുന്നവയിൽ പ്രക്ഷേപണ രീതിക്ക് (Projective Technique) ഉദാഹരണം അല്ലാത്തത് ഏത് ?

A) റോഷ മഷിയൊപ്പ് പരീക്ഷ (Rorschach Ink Blot Test)

B) തീമാറ്റിക് അപ്പർസെപ്ഷൻ ടെസ്റ്റ് (Thematic Apperception Test)

C) മിലൻ ക്ലിനിക്കൽ മൾട്ടിആക്സിയൽ ഇൻവെന്ററി (Millon Clinical Multiaxial Inventory)

D) പദസഹചരത്വ പരീക്ഷ (Word Association Test)

79. എറിക്സണിന്റെ മനോസാമൂഹ്യവികാസ സിദ്ധാന്തമനുസരിച്ച് 6 വയസു മുതൽ 12 വയസുവരെയുള്ള കുട്ടികളിൽ രൂപപ്പെടാൻ സാധ്യത ഉള്ള വ്യക്തിത്വഘടകങ്ങൾ ഏവ ?

1) ഊർജസ്വലതയും ആത്മവിശ്വാസവും (Industrious)

2) സ്വാവബോധം (Identity)

3) അപകർഷത (Inferiority)

4) റോൾ സംശയങ്ങൾ (Role Confusion)

A) 1, 3
B) 2, 4
C) 1, 4
D) ഇവയൊന്നുമല്ല

80. താഴെ തന്നിട്ടുള്ളവയിൽ വ്യക്തിത്വത്തെ സംബന്ധിക്കുന്ന കാഴ്ചപ്പാടുകളും അവ മുന്നോട്ട് വച്ച ശാസ്ത്രജ്ഞരും തമ്മിലുള്ള ശരിയായ ബന്ധം സൂചിപ്പിക്കുന്നവ ഏവ ?

1) മുഖ്യ സവിശേഷകം (Cardinal Trait), മധ്യമസവിശേഷകങ്ങൾ (Central Traits), ദ്വിതീയ സവിശേഷകങ്ങൾ (Secondary Traits) എന്നിങ്ങനെ വ്യക്തിത്വ സവിശേഷതകൾ തരം തിരിച്ചിരിക്കുന്നു – കാൾ റാൻസൺ റോജേഴ്സ്

2) പക്വവ്യക്തിത്വത്തെ വിശദീകരിക്കാൻ വിപുലീകൃത അഹം, ഊഷ്മള ബന്ധങ്ങൾ, ആത്മസംതുലനം, യാഥാർത്ഥ്യബോധം, ആത്മധാരണ, ഏകാത്മക ജീവിത ദർശനം എന്നീ 6 മാനദണ്ഡങ്ങൾ പരിഗണിക്കണം – ഗോർഡൻ വില്ലാഡ് ആൽപ്പോർട്ട്

3) ആദർശാത്മക അഹം (Ideal Self), യാഥാർഥ്യാധിഷ്ഠിത അഹം (Real Self) എന്നിങ്ങനെ ഒരു വ്യക്തിയുടെ അഹത്തിന് (Self) രണ്ട് തലങ്ങളുണ്ട് – അബ്രഹാം മാസ്ലോ

4) ബോധ മനസ്സ് (Conscious mind), ഉപബോധ മനസ്സ് (Sub-conscious mind), അബോധ മനസ്സ് (Unconscious mind) എന്നിങ്ങനെ മനസ്സിന് മൂന്ന് തലങ്ങളുണ്ട് – സിഗ്മണ്ട് ഫ്രോയിഡ്

A) 1, 4
B) 2, 4
C) 3, 4
D) 2, 3

Find out the meaning of the **underlined** words given below **(81 – 82).**

81. I didn't want to eavesdrop
    A) To break something
    B) To listen secretly
    C) To fail in the exam
    D) To drop some thing

82. I could see that he was fidgeting
    A) moving quickly and easily
    B) behaving rudely
    C) running away
    D) behaving nervously and restlessly

Complete the following sentences choosing the **correct tense** form of the verb **(83 – 84).**

83. If you are a painter
    A) you could come in
    B) you are coming in
    C) you may come in
    D) you would come in

84. Whenever he found himself alone
    A) he had drawn cats
    B) he was drawing cats
    C) he draws cats
    D) he drew cats

Choose the **correct preposition** to fill in the blanks **(85 – 87).**

85. Naina was amazed ________ her own strength.
    A) at B) to C) of D) on

86. Rajath ran _______ into the garden.
    A) up B) on C) out D) at

87. An eerie sound floated ________ the air.
    A) in B) along C) over D) of

Read the passage given below and answer the following questions **(88 – 90).**

"When I became the owner of a tiny little piece of this wide earth, I felt very happy. It was a two acre plot with coconut palms and an old house where we could live. Those were the days when the price of coconuts was going up and I was in high spirits at the thought of the palms laden with coconuts."

88. The price of _______was going up.
    A) mangos B) cashew nuts C) coconuts D) bananas

89. How did the author feel ?
    A) Sad B) Elated C) Angry D) Excited

90. Suggest one word for the phrase "in high spirits".
    A) Remorseful B) Anxious C) Frightened D) Joyful

91. 2024 ഏപ്രിൽ മാസത്തിൽ പ്രസിദ്ധീകരണത്തിന്റെ അമ്പതാം വർഷത്തിലെത്തിയ മലയാള നോവൽ ഏത് ?

A) ധർമ്മ പുരാണം
B) മയ്യഴിപ്പുഴയുടെ തീരങ്ങളിൽ
C) വേരുകൾ
D) അയൽക്കാർ

92. താഴെക്കൊടുത്തിരിക്കുന്ന വാക്കുകളിൽ ശരിയായവ ഏതെല്ലാം ?

i) അടിമത്വം ii) യാദൃച്ഛികം iii) വിമ്മിട്ടം iv) പ്രവർത്തി

A) i ഉം ii ഉം ശരി
B) iii ഉം iv ഉം ശരി
C) ii ഉം iii ഉം ശരി
D) i ഉം iv ഉം ശരി

93. 'കഞ്ജനേർമിഴി' ബഹുവ്രീഹിയുടെ ഏത് വകഭേദത്തിൽപെടുന്നു ?

A) ഉപമാ ഗർഭം
B) ഉപമാ ലുപ്തം
C) ഉപമാന ലുപ്തം
D) മൂന്നിലും പെടില്ല

94. ഒരധ്യാപകൻ അഞ്ചോ പത്തോ കുട്ടികൾ മാത്രമുള്ള ഒരു സംഘത്തെ അഞ്ചോ പത്തോ മിനിട്ടുമാത്രം നീണ്ട കാലയളവിൽ ചെറിയ ഒരു പാഠഭാഗം പഠിപ്പിക്കുന്ന രീതിയിലുള്ള ബോധന മാതൃകയാണ്

A) വ്യക്ത്യധിഷ്ഠിത ബോധനം
B) സംഘ ബോധനം
C) സൂക്ഷ്മ നിലവാര ബോധനം
D) ക്രമീകൃത ബോധനം

95. 'വാസനാവികൃതി' എന്ന ചെറുകഥ ആദ്യമായി പ്രസിദ്ധപ്പെടുത്തിയത് ഏത് മാസികയിലാണ് ?

A) വിദ്യാവിനോദിനി
B) വിദ്യാവിലാസിനി
C) ഭാഷാപോഷിണി
D) ആത്മപോഷിണി

96. പെണ്മണിവദനം കണ്ടാൽ
വെണ്മതി രണ്ടെന്നു മേവിടുന്ന മനം
ഉണ്മ നിനച്ചിതിലെല്ലാം
വെണ്മതിരണ്ടെന്നു മേവിടും നമനം – അലങ്കാരം ഏത് ?

A) ആദിപ്രാസം
B) അന്ത്യപ്രാസം
C) യമകം
D) ലാടാനുപ്രാസം

97. വിദ്യാഭ്യാസത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകം ഏത് ?

A) അധ്യാപകൻ
B) അധ്യേതാവ്
C) അധ്യയന വിഷയം
D) അധ്യയന മാർഗ്ഗം

98. 'കാഞ്ചനക്കൂടിന്റെ അഴികൾ കൊത്തിമുറിച്ച പഞ്ചവർണ്ണക്കിളി' എന്ന് ഡോ. എം. ലീലാവതി വിശേഷിപ്പിച്ച കവി ആര് ?

A) കുമാരനാശാൻ
B) പി. കുഞ്ഞിരാമൻ നായർ
C) ചങ്ങമ്പുഴ
D) വള്ളത്തോൾ

99. യുനെസ്കോയുടെ സാഹിത്യനഗരപദവി ലഭിച്ച ഇന്ത്യയിലെ ആദ്യത്തെ നഗരം ഏത് ?

A) കോഴിക്കോട് B) കൊൽക്കത്ത C) ചെന്നൈ D) ഡൽഹി

100. മലനാട്ടു തമിഴിൽ സംസ്കൃതം ചെലുത്തിയ സ്വാധീനമാണ് ഇന്നത്തെ മലയാള ഭാഷയുടെ ഉല്പത്തിക്ക് കാരണമെന്ന് ആദ്യമായി അവതരിപ്പിച്ചു സമർത്ഥിച്ച ഭാഷാപണ്ഡിതൻ ആര് ?

A) എ. ആർ. രാജരാജവർമ്മ
B) സി. എൽ. ആന്റണി
C) ഇളംകുളം കുഞ്ഞൻപിള്ള
D) ജോർജ്ജ് മാത്തൻ